## പതിമൂന്നാം കേരളനിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 3577** — **26.06.2012ൽ മറുപടിയ്ക്ക്**

### ചെറുകിട വൈദ്യുതി ഉല്പാദന പദ്ധതികൾ

**ചോദ്യം**

ശ്രീ. എ. കെ. ബാലൻ

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി ബോർഡിന്റെ പദ്ധതി കൾക്ക് പുറമേ കാറ്റിൽനിന്നും ചെറു കിട ജലപദ്ധതികളിൽനിന്നും വൈ ദ്യുതി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്ന തിന് എന്തെല്ലാം നടപടികളാണ് സ്വീക രിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

**ഉത്തരം**

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി)

(എ) കാറ്റിൽ നിന്നുള്ള വൈദ്യുതി.

കാറ്റാടിപ്പാടങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് NTPC – യുമായി സർക്കാർ ധാരണാപത്രം ഒപ്പിട്ടു. ഇതനുസരിച്ച് 200 MW വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ആദ്യഘട്ടമായി ഉദ്ദേശിച്ചിട്ടുള്ള 80 MW കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനുള്ള സർവ്വേ പ്രവർത്തനങ്ങൾ, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്നീ നടപടികൾ NTPC, അനെർട്ടിന്റെ സഹകരണത്തോടെ ഇടുക്കി ജില്ലയിലെ രാമക്കൽ മേട്ടിലും പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്, അഗളി എന്നിവിടങ്ങളിലും നടന്നു വരുന്നു. കൂടാതെ, കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ ആരംഭിക്കുന്നതിന് സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കുതിന് ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ രേഖകൾ പ്രകാരം 22 MW വൈദ്യുതി പദ്ധതിക്ക് ഈ മാസം സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് KINFRA Textile Park - ൽ Gujarat Fluro Chemicals എന്ന കമ്പനിക്ക് അനുവദിച്ച സ്ഥലത്ത് പ്രസ്തുത കമ്പനിയുടെ Subsidiary ആയ Inox Renewable Ltd എന്ന കമ്പനിക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്.

**ചെറുകിട ജലവൈദ്യുത പദ്ധതികൾ**

ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് അനുയോജ്യമായ 10 സ്ഥലങ്ങളുടെ വിശദാംശ പ്രോജക്ട് റിപ്പോർട്ട് ഈ വർഷം തയ്യാറാക്കുന്നതാണ്. കൂടാതെ സ്വകാര്യ സംരഭകർ കടന്നു വരുന്ന മുറയ്ക്ക്

Bid route ലൂടെ ചെറുകിട ജലവൈദ്യുതപദ്ധതികളും അനുവദിച്ചു നൽകുന്നുണ്ട്. ഇത്തരത്തിൽ വിയ്യാത്ത് പവർ ലിമിറ്റഡ് ന് രണ്ടാം ഘട്ടമായി അനുവദിച്ചു. 15 MW ന്റെ ഇരുട്ടുക്കാനം പദ്ധതി ഏപ്രിൽ 2012 ൽ കെ.എസ്.ഇ.ബി യുടെ Grid ലേക്ക് synchronise ചെയ്തു. കൂടാതെ കരിക്കയം 10.5 ന്റെയും മീൻവല്ലം 3 MW പദ്ധതികൾ യഥാക്രമം അയ്യപ്പാ ഹൈഡ്രോപവർ ലിമിറ്റഡും പാലക്കാട് ജില്ലാപഞ്ചായത്തും നടപ്പാക്കിവരുന്നു.

| | |
|---|---|
| (ബി) പ്രസ്തുത ആവശ്യത്തിനായി 2011-12 വർഷത്തെ ബജറ്റിൽ എത്ര തുക നീക്കിവച്ചിരുന്നു; അതിൽ എത്ര രൂപാ ചെലവാക്കി;വിശദാംശം നൽകാമോ ? | (ബി) കാറ്റിന്റെ ലഭ്യതയെക്കുറിച്ചുള്ള പഠനം നടത്തുന്നതിന് പുതുക്കിയ പദ്ധതി അനുസരിച്ച് 91 ലക്ഷം രൂപ 2011-12 വർഷം വകയിരുത്തുകയുണ്ടായി. ഇതിൽ 77 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. 2011-12 വർഷം ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി ആർ.ഐ.ഡി.എഫ് ന്റെ കീഴിൽ 5 കോടി രൂപ വകയിരുത്തിയിരുന്നു. |

സെക്ഷൻഓഫീസർ